## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2499 19.12.2012-ൽ മറുപടിയ്ക്ക്**

**സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പുവർ പദ്ധതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. സി. കെ. സദാശിവൻ | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) | 'സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പുവർ' പദ്ധതി പ്രകാരം രോഗികൾക്ക് ധനസഹായം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ; | (എ) | വാർഷിക വരുമാനം മൂന്നു ലക്ഷം രൂപയിൽ കുറവുള്ള നിർദ്ധനരായ രോഗികളെയാണ് സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പുവർ പദ്ധതി ഗുണ ഭോക്താക്കളായി തെരഞ്ഞെടുക്കുന്നത്. ചികിത്സിയ്ക്കുന്ന ഡോക്ടറുടെ സാക്ഷ്യപത്രവും വില്ലേജ് ആഫീസറുടെ പക്കൽ നിന്നും ലഭിക്കുന്ന വരുമാന സർട്ടിഫിക്കറ്റും സഹിതം നിർദിഷ്ട ഫോറത്തിൽ അപേക്ഷ സമർപ്പിക്കണം. മെമ്പർ സെക്രട്ടറി, സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പുവർ, ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ്, ജനറൽ ഹോസ്പിറ്റലിനു സമീപം തിരുവനന്തപുരം - 35 എന്ന മേൽവിലാസത്തിലാണ് അപേക്ഷ അയയ്ക്കേണ്ടത്. രോഗിക്ക് ചികിത്സ ലഭിക്കുന്ന ആശുപത്രിയിൽ നിന്നും മുൻഗണനാ ക്രമം അനുസരിച്ച് ചികിത്സാ സ്ഥിരീകരണ റിപ്പോർട്ട് ലഭ്യമാക്കുന്ന മുറയ്ക്ക് ചികിത്സാ ധനസഹായം അനുവദിക്കുന്നതും കത്തു മുഖാന്തിരം രോഗിയെ വിവരം അറിയിക്കുന്നതും രോഗിയിൽ നിന്നും രസീത് വാങ്ങി ചികിത്സാ ധനസഹായ ത്തുകയുടെ ചെക്ക് രോഗിയ്ക്ക് നേരിട്ട് രജിസ്റ്റേർഡ് തപാലിൽ അയച്ചു കൊടുക്കുന്നതുമാണ്. RSBY യുടെ CHIS PLUS എന്ന ചികിത്സാ നുകൂല്യത്തിനും സൊസൈറ്റിയുടെ ചികിത്സാ ധനസഹായത്തിനും ഒരേ രോഗിയ്ക്ക് അർഹതയുണ്ടായിരിക്കില്ലെന്ന് സ. ഉ. (സാ) 757/2012/ആ.കു.വ തീയതി 8.3.12 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. |
| (ബി) | സ്വകാര്യ ആശുപത്രിയിൽ ചികിത്സ തേടുന്ന രോഗികൾക്ക് ഈ പദ്ധതി പ്രകാരം ആനുകൂല്യങ്ങൾ ലഭിക്കുമോ? | ബി) | ഇല്ല. |

സെക്ഷൻ ഓഫീസർ